## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - 1/1/2003 മുതൽ 31/12/2008 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പൂവാർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ക്ലാർക്ക് ശ്രീമതി. ആശാലത എസ്. സമർപ്പിച്ച അപേക്ഷ അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 21/6/2017 ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ 2743/2017 നമ്പർ കത്ത്.
2)ഇ.ഒ. (എം.എസ്) നം. 144/02/ആ.കു.വ. തീയതി 24/6/2002.
3)ഉത്തരവ് നം ഇ.ഡി.1/6/06/ആ.വ.ഡ തീയതി 1/8/16.
4)18/8/2006ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ കത്ത്.
5)26/11/2006ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2 (കെ.ഡിസ്) 28557/09 നമ്പർ കത്ത്.
6)ഉത്തരവ് നമ്പർ ഇ.എസ്.2/30876/09/ഡി.എച്ച്.എസ് തീ: 8/5/10.
7)23/12/2007ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ് നം: ഇ.എസ്.2/30876/09/ആ.വ.ഡ തീയതി: 24/5/2018**

ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പൂവാർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ക്ലാർക്ക് ആയ ശ്രീമതി. ആശാലത എസ്.ന്റെ അപേക്ഷ സൂചന (1) പ്രകാരം അയച്ചു നൽകിയിരുന്നു.

ശ്രീമതി. ആശാലത എസ്. ആശ്രിത നിയമനം വഴി സൂചന 2 പ്രകാരം സർക്കാർ ഉത്തരവിന്റെയും സൂചന 4 പ്രകാരം ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 30/8/2006ൽ ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. 7/2008ൽ എം.ഒ.പി. പാസ്സായതനുസരിച്ച് സൂചന 5 പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ ഉത്തരവിൻ പ്രകാരം 30/8/2008ൽ പരിവിക്ഷാകാലം പൂർത്തീകരിക്കുകയും ചെയ് തു.

ടിയാന്റെ പേര് 1/1/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ് തുത സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തിയിരുന്നില്ല.

18/8/2006ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ സൂചന 4 പ്രകാരമുള്ള ഉത്തരവിൻ മേൽ സർവ്വീസിൽ പ്രവേശിച്ച ടിയാനെ 1/1/2003 മുതൽ 31/12/2008 വരെയുള്ള നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ 298എ ആയി ഉൾപ്പെടുത്തുന്നതിന് സൂചന (4) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ് തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 1/1/2003 മുതൽ 31/12/2008 വരെ കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 298എ ആയി ശ്രീമതി. ആശാലത എസ്.നെ ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| നം | പേര് | ജനന തിയതി | വിദ്യാഭ്യാസയോഗ്യത വകുപ്പ് തല് പരീക്ഷ പാസ്സായതിൻെറ വിവരങ്ങൾ | പി.എസ്.സി. അഡ്വൈസ് സർക്കാർ ഉത്തരവ് ഡി.എച്ച്.എസ്/ഡി.എം.ഒ യുടെ നിയമന ഉത്തരവ് | ജോലിയിൽ പ്രവേശിച്ച തീയതി | സിനീയോരിറ്റി കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | T.S. Sambodkumar | 17/5/71 | SSLC MOP | EV(2)525/05/KPSC/Ekm/ Dtd. 17/8/06. A2/8504/06/DMOH/Ekm/ Dtd 6/11/06 | 23/11/06 | 17/8/06 | 298 | 298 |
| 2 | Ashalatha S. | 27/5/75 | SSLC MOP 7/08 | Go(ms)No144/02/H&FW D/dtd 24/6/02 Order No. A4/4009/05/Dtd 18/8/06 | 30/8/16 | 18/8/06 | ----- | 298A |
| 3 | Harija K. | 23/3/74 | SSLC AT(L) | PII (3)666/05(2)dtd 23/8/06 A2/1896/04(2) DMOH/PKD/Dtd 28/8/06 | 31/8/06 | 23/8/06 | 299 | 299 |

സൂചന (5)ലെ ഉത്തരവ് ഇതിനാൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീ. അജയമോഹൻ സി.എം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്: 1) ശ്രീമതി. ആശാലത എസ്. ക്ലാർക്ക് സി.എച്ച്.സി. പൂവാർ
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്